[ശ്രീ. കല്പട നാരായണൻ: പാസ്പോർട്ട് അപേക്ഷാഫാറത്തിൽ ഒപ്പിടാൻ എം. എൽ. എ.മാരെയും, എം. പി. മാരെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഒരു ദിവസം നൂറും ഇരുന്നൂറും അപേക്ഷകളാണ് ഒപ്പിട്ടു കൊടുക്കേണ്ടിവരുന്നത്. അങ്ങനെയുള്ളവരെ സഹായിക്കാൻവേണ്ടി ഒരു ക്ലാർക്കിനെക്കൊടുക്കാൻ ദയവുണ്ടാകുമോ?

[ശ്രീ. ബേബി ജോൺ: എം. എൽ. എ.മാർക്ക് ഇപ്പോഴും ഈ കാര്യത്തിനുവേണ്ടി [പത്യേകമായി ക്ലാർക്കിനെ നിയമിക്കാൻ ഗവൺമെൻറുദ്ദേശിക്കുന്നില്ല.

[ശ്രീ. പി. ബി. ആർ. പിള്ള: പത്തു കൊക്കോയും നാലു പാസ് പോർട്ടുമില്ലാത്ത വീട് വീടല്ല എന്നതാണ് ഇന്നത്തെ വയ്പ്. പാസ് പോർട്ടിന്റെ തിരക്ക് വർദ്ധിച്ചുവരുന്ന ഈ പരിതഃസ്ഥിതിയിൽ അവ പോലീസ് ഡിപ്പാർട്ടുമെൻറിനു വിട്ടുകൊടുത്താൽ ജോലി കുറഞ്ഞിരിക്കുകയില്ലേ?

[ശ്രീ. ബേബി ജോൺ: കൊക്കോയും പാസ്പോർട്ടുംകൂടി പോലീസിനെ ഏല്പിക്കണമെന്നാണോ? ഇപ്പോഴും നിലവിലിരിക്കുന്ന സംവിധാനത്തിന് മാറ്റം വരുത്തണമെന്നുദ്ദേശിക്കുന്നില്ല.

[ശ്രീ. ലോനപ്പൻ നമ്പാടൻ: നിയമസഭ ഉടനെ പിരിച്ചുവിടാൻ സാദ്ധ്യതയുള്ളതുകൊണ്ട് എം. എൽ. എ.മാരും. എം. പി. മാരും ഇല്ലാതെ വരുന്ന സാഹചര്യത്തിൽ ഒപ്പിടുന്നതിനു പുതിയൊരു സംവിധാനം ഉണ്ടാക്കുന്നതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ?

[ശ്രീ. ബേബി ജോൺ: പാർലമെൻറ് പിരിച്ചുവിട്ടുകഴിഞ്ഞതുകൊണ്ട് എം. പി. മാർക്ക് ഒപ്പിടാനുള്ള സൗകര്യമില്ല. നിയമസഭ പിരിച്ചുവിടുകയാണെങ്കിൽ പഴയ രീതി കാണും; അതു തുടർന്നുപോകും.

[ശ്രീ. കെ. സി. വാമദേവൻ: അദ്ധ്യാനഭാരം വർദ്ധിച്ചിട്ടുണ്ടോ എന്നതു പരിശോധിക്കാൻ ഒരു ശാസ്ത്രീയമായ മാർഗ്ഗമുണ്ടാക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

[ശ്രീ. ബേബി ജോൺ: ഞാൻ ഓർമ്മയിൽനിന്നു പറയുകയാണ്. ഒരു O and M സ്റ്റഡി നടത്താൻ ഉദ്ദേശിച്ചിട്ടുണ്ടായിരുന്നു. അതു നടന്നുകൊണ്ടിരിക്കുന്നതായിട്ടാണ് ഞാൻ ഓർക്കുന്നത്.

Ernakulam-Alleppey Railway Line

*145 [155] **Shri Stephen Padua**: Will the Minister of Food and Civil Supplies be pleased to State:

(a) When the work of the Ernakulam-Alleppey Railway Line be completed;

(b) What is the present stage?

Minister for Food and Civil Supplies **(Shri T. S. John):** (a) The work is expected to be completed in three years.

LIBRARY ARCHIVES Kerala Legislative Assembly

(b) The alignment has been finalised. State Government has sanctioned the required land acquisition staff.

Sri Stephen Padua: Will the Hon'ble Minister be pleased to state the number of major bridges to be constructed for the completion of the work and in which all places they are to be constructed?

ശ്രീ. ടി. എസ്. ജോൺ: പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണ പിള്ള: മലയാളം പ്ലാന്റേഷനിൽ നിന്നും മലഞ്ചരക്കുകൾ ഇപ്പോൾ ആലപ്പുഴയ്ക്ക് കൊണ്ടുവന്നതിനുശേഷം എറണാകുളത്തേക്കു കൊണ്ടുപോകുന്ന ഏർപ്പാടാണുള്ളത്. ഇപ്പോഴത്തെ പ്രയാസം ഒഴിവാക്കാൻവേണ്ടി എറണാകുളം—കായംകുളം റെയിൽവേ ലൈൻ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: അതിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ നിവേദനം കൊടുത്തിട്ടുണ്ട്; കായംകുളം—ആലപ്പുഴ ലൈനിൽകൂടി എടുക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇതിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് എന്ന് തുടങ്ങും; എന്നത്തേക്ക് റെയിൽവേയെ ഏൽപിക്കാൻ സാധിക്കുന്നതിന്റെ ഏകദേശ തീയതിയും മറ്റും നിശ്ചയിച്ചിട്ടുണ്ടോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): സർ, അതിനുവേണ്ടി പ്രത്യേകം സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. വളരെവേഗം നടപടി സ്വീകരിക്കുന്നതായിരിക്കും. ആലപ്പുഴ—എറണാകുളം റെയിൽവേ ലൈനിന്റെ പണി ഉടനെ തുടങ്ങുമെന്നാണ് റെയിൽവേ ഉദ്യോഗസ്ഥൻമാരുടെ ചർച്ചയിൽനിന്നും മനസ്സിലാക്കുന്നത്. എതായാലും ലാന്റ് അക്വിസിഷൻ അതിനൊരു തടസ്സമായിരിക്കുകയില്ല.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ആലപ്പുഴ—എറണാകുളം ലൈനിൽ മൂന്നു വലിയ പാലങ്ങളും 40-ൽപരം ചെറിയ പാലങ്ങളും ഉണ്ട്. മൂന്നു വൻകിട പാലങ്ങളും നിർമ്മിക്കുന്നതിന് വളരെ വർദ്ധിച്ച തുകയും സമയവും ആവശ്യമാണ്. ഈ വലിയ പാലങ്ങളുടെ പണി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

ശ്രീ. ടി. എസ്. ജോൺ: അതു റെയിൽവേയാണ് തീരുമാനിക്കേണ്ടത്. നടപടി സ്വീകരിച്ചുവരികയാണ്. മൂന്നു വർഷത്തിനകം പൂർത്തിയാകും.

ശ്രീ. പി. ബി. ആർ. പിള്ള: ആലപ്പുഴ—എറണാകുളം റെയിൽവേ പൂർത്തിയാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും ബാധ്യത ഏറ്റെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ സംസ്ഥാന ഗവൺമെന്റിന് സാമ്പത്തികമായി ചെലവ് ചെയ്യേണ്ടതായി വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ഗവൺമെന്റ് ലാന്റ് കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ട്. അതു കൂടാതെ സ്ലീപ്പേഴ്സ് മുതലായവകൂടി സപ്ലൈ ചെയ്യാമെന്നു പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: ജനങ്ങളിൽനിന്ന് അകപയർ ചെയ്തുകൊടുക്കാ മെന്നല്ല, ഗവൺമെൻറിൻെറ കൈവശം ഉള്ള ലാൻറ് ഫ്രീയായി കൊടുക്കാ മെന്നാണ്.

ശ്രീ. ടി. എം. ജേക്കബ്: കേരളത്തിൽ താരതമ്യേന റെയിൽവെ ഗതാഗതം കുറവാണ്. എറണാകുളം ലൈൻ ബ്രോഡ്ഗേജ് ആക്കിയതിനു ശേഷം ട്രാഫിക് വർദ്ധിച്ചിട്ടുണ്ട്. ഈ ട്രെയിനുകളെല്ലാം സമയത്തിനു ഓടിയെത്തുന്നതിന് സാധിക്കുന്നില്ലായെന്നതു പരിഗണിച്ച് സിംഗിൾ ലൈൻ ഡബിൾ ലൈൻ ആക്കുന്ന കാര്യം കേന്ദ്രഗവൺമെൻറുമായി ആലോ ചിച്ചിട്ടുണ്ടോ? കേന്ദ്രഗവൺമെൻറിൻെറ മുമ്പിൽ അങ്ങനെയൊരു നിവേദനം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ പ്രതികരണം എന്താണ്?

ശ്രീ. ടി. എസ്. ജോൺ: നിവേദനം കൊടുത്തിട്ടുണ്ട്. അത് ഡബിൾ ലൈൻ ആക്കി വരികയാണ്.

ശ്രീ. വി. ജെ. ജോസഫ്: എറണാകുളം—ആലപ്പുഴ ലൈൻ പൂർത്തി യാക്കിവരുന്നതിനോടൊപ്പം പരിഗണനയിലിരുന്നതാണ് കൊച്ചിൻ—മധുര റെയിൽവേ. സംസ്ഥാന ഗവൺമെൻറിന് ട്രാഫിക്ക് സർവ്വെ നടത്താൻ ബാധ്യത ഉണ്ടെന്നിരിക്കെ അതുപോലും നടത്താതെ, അതിനുവേണ്ടി യാതൊരു പരിശ്രമവും നടത്താതെയിരിക്കുന്നതു എന്തുകൊണ്ടാണ്?

ശ്രീ. ടി. എസ്. ജോൺ: കൊച്ചിൻ—മധുര ലൈൻ എടുക്കണമെന്ന് കേന്ദ്രഗവൺമെൻറിനോട് അടുത്തകാലത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: തമിഴ്നാട് വഴിയുള്ള റെയിൽവേയിൽ നഞ്ചൻകോട്—തലശ്ശേരി—തൃശ്ശൂർ റയിൽവേയുടെ കാര്യം ഗവൺ മെൻറിൻെറ പരിഗണനയിൽ ഉണ്ടോ? ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: തലശ്ശേരി—മൈസൂർ ലൈൻ കേന്ദ്ര ഗവൺമെൻറ് എടുക്കണമെന്ന് ഏപ്രിൽ മാസത്തിൽ കേന്ദ്രഗവൺമെൻറി നോട് ആവശ്യപ്പെട്ടു.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: തിരുവനന്തപുരത്തും കേരള ത്തിൻെറ നാനാഭാഗത്തുനിന്നും യാത്രക്കാരുടെ തിരക്ക് വർദ്ധിച്ചിട്ടുള്ളതു പരിഗണിച്ച് ആഴ്ചയിൽ രണ്ടുദിവസം ഓടിക്കൊണ്ടിരിക്കുന്ന കെ. കെ. എക്സ്പ്രസ് ദിവസം പ്രതി ആക്കുന്നതിനും കൂടുതൽ ബോഗികൾ കൂട്ടിച്ചേർക്കുന്നതിനും ശക്തമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്താൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: കൂടുതൽ ബോഗികൾ കൂട്ടിച്ചേർക്കുന്നതിന് ആവശ്യമായ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഡബിൾ എഞ്ചിൻ ഘടിപ്പിച്ച് കൂടുതൽ ബോഗികൾ അറ്റാച്ചു ചെയ്യുന്നതിനാവശ്യ മായ നടപടി സ്വീകരിക്കാമെന്ന് ഈയിടെ കേന്ദ്രമന്ത്രി ഇവിടെ സന്ദർശിച്ച പ്പോൾ സമ്മതിച്ചിട്ടുണ്ട്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: മംഗലാപുരം — തൃശ്ശൂർ ലൈൻ ഇരട്ടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ: അതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ഡോ. ജോർജുമാത്യു: മീറ്റർഗേജ് ലൈൻ ബ്രോഡ്ഗേജ് ലൈൻ ആക്കിയതിനെത്തുടർന്ന് പല പ്ലാറ്റു ഫാമുകളും റെയിൽവേ ലൈനുമായി ബന്ധമില്ലാതെയായിട്ടുള്ളതു നിമിത്തം അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ആളുകൾ മരിച്ചതു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതു കൊണ്ടു റെയിൽവേമന്ത്രി കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം പെടുത്തുമോ? ചെങ്ങന്നൂരും തിരുവല്ലായിലും ഉള്ള പ്ലാറ്റുഫാമുകൾ റീ കൺസ്ട്രക്ടു ചെയ്യുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ചെങ്ങന്നൂരിലെ പ്ലാറ്റുഫാം വിപുലപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവല്ലായിലെ കാര്യവും എത്രയും വേഗം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. സി. എ. കുര്യൻ: കെ. കെ. എക്സ്പ്രസ് ചെങ്ങന്നൂരിൽ നിർത്തണമെന്ന നിവേദനം നാട്ടുകാരുടെ വകയായി കിട്ടിയിട്ടുണ്ടോ? റെയിൽവേമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: കെ. കെ. എക്സ്പ്രസ് ആലപ്പുഴ ജില്ലയിൽ ഒരു സ്ഥലത്തും നിറുത്തുന്നില്ല. ചെങ്ങന്നൂരോ തിരുവല്ലായിലോ ഏതെങ്കിലും ഒരു സ്ഥലത്തു നിറുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. എസ് നാരായണൻ നമ്പൂതിരി: കുറ്റിപ്പുറം—ഗുരുവായൂർ ലൈൻ പണിയുന്ന കാര്യം കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ഗുരുവായൂർ—കുറ്റിപ്പുറം ലൈൻ എത്രയും വേഗം എടുക്കണമെന്ന് കേന്ദ്രഗവൺമെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്.

[ചോദ്യം 156 ചോദിച്ചില്ല]

തീരദേശ തീവണ്ടിപ്പാത നിർമ്മാണം

* 146 [157] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ തീവണ്ടിപ്പാത നിർമ്മാണം ത്വരിതപ്പെടുത്താൻ റവന്യൂ വകുപ്പിന്റെ സഹകരണം ഇല്ല എന്നുള്ള റിപ്പോർട്ടുകൾ ശരിയാണോ;

(ബി) കേരളത്തിന് വരുന്ന വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കിട്ടാൻ പുതിയതായി ഏതെല്ലാം പാതകളാണ് കേന്ദ്രത്തോട് ആവശ്യപ്പെടാൻ പോകുന്നത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly